പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3173.

11.12.2014 ൽ മറുപടിക്ക്

## ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പും വിലക്കയറ്റവും ലഭ്യതക്കുറവും

**ചോദ്യം**

ശ്രീ പി. തിലോത്തമൻ:

ഭക്ഷ്യ വസ്തുക്കളിലെ വിഷാംശ പരിശോധനകളും നിയന്ത്രണങ്ങളും വന്നാൽ വിപണിയിൽ ഉണ്ടാകാവുന്ന പൂഴ്ത്തിവയ്പും വിലക്കയറ്റവും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പു മന്ത്രി)

ഭക്ഷ്യവസ്തുക്കളിലെ വിഷാംശ പരിശോധനകളും നിയന്ത്രണങ്ങളും വന്നാൽ വിപണിയിലുണ്ടാകാനിടയുള്ള പൂഴ്ത്തിവയ്പും വിലക്കയറ്റവും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതക്കുറവും മുൻകൂട്ടി കണ്ടുകൊണ്ട് അവ പരിഹരിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തിവരുകയും ക്രമക്കേടുകൾക്കെതിരെ കർശനനടപടി സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത പരിശോധനയിൽ കച്ചവടസ്ഥാപനങ്ങളിലെ സ്റ്റോക്ക്ബോർഡും കടയിലെ ഭക്ഷ്യസാധനങ്ങളുടെ സ്റ്റോക്കും പരിശോധിക്കുന്നു. തന്മൂലം ഭക്ഷ്യസാധനങ്ങളുടെ പൂഴ്ത്തിവയ്പ് തടയാൻ കഴിയുന്നു. കൂടാതെ അവശ്യസാധനങ്ങളുടെ സ്റ്റോറേജ്, വിപണനം എന്നിവയ്ക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും സ്റ്റോക്ക് പരിധി നിശ്ചയിച്ച് നടപ്പാക്കി വരുകയും ചെയ്യുന്നു. വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ 1977 ലെയും, 1980 ലെയും Kerala Essential Commodities (Maintenance of Accounts and Stock Board) Order പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ